(ഡി) ഈ അദ്ധ്യയന വർഷം തന്നെ ഈ അദ്ധ്യാപകർക്ക് ശമ്പളം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ—സി) 2002-2003 അദ്ധ്യയന വർഷം മുതലുള്ള അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടില്ലാത്തതിനാലാണ് നിയമനാംഗീകാരവും ശമ്പളവും ലഭിക്കാൻ വൈകുന്നത്. പ്രസ്തുത തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്ന മുറയ്ക്ക് ശമ്പളം ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നതാണ്.

അഴീക്കോട് ഗവൺമെൻറ് ഹൈസ്കൂളിന് പ്ലസ്ടു അനുവദിക്കാൻ നടപടി

38 [1553] ശ്രീ. എം. പ്രകാശൻ മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ അഴീക്കോട് ഗവൺമെൻറ് ഹൈസ്കൂളിൽ പ്ലസ്ടു വിഭാഗം ഇല്ലാത്തതുമൂലം ഈ പ്രദേശത്തെ കുട്ടികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ സ്കൂളിന് പ്ലസ്ടു അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ, ബി) എസ്.എസ്.എൽ.സി. പാസ്സായ കുട്ടികളുടെ എണ്ണവുമായി താരതമ്യം ചെയ്യുമ്പോൾ പ്ലസ്ടു കോഴ്സിന് സീറ്റുകൾ കുറവായ മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ ഗവൺമെൻറ് മേഖലയിലും അൺ എയിഡഡ് മേഖലയിലും പ്ലസ്ടു സ്കൂളുകൾ അനുവദിക്കുന്ന കാര്യം ഗവൺമെൻറ് പരിശോധിച്ചു വരുന്നു. അന്തിമ തീരുമാനം ആയിട്ടില്ല.

സംസ്ഥാനത്തെ സ്കൂളുകൾ

39 [1554] ശ്രീ. മത്തായി ചാക്കോ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര സർക്കാർ, എയിഡഡ്, അൺ എയിഡഡ് അംഗീകൃതം, ഹയർ സെക്കണ്ടറി സ്കൂളുകൾ ഉണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇത്രയും സ്കൂളുകളിലായി അദ്ധ്യാപകരുടെ എത്ര തസ്തികകൾ ഉണ്ടെന്നും, നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്നും ജില്ലതിരിച്ച്, വിഷയം തിരിച്ച് സർക്കാർ, എയിഡഡ്, അൺ എയിഡഡ് തിരിച്ച് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly